**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **08-06-2021 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ വിലയ്ക്ക് സാനിറൈറസർ, ഹാന്റ് വാഷ്, മാസ്ക് എന്നിവ ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന സാനിറൈറസർ, ഹാന്റ് വാഷ്, മാസ്ക് എന്നിവ നിർമ്മിച്ച് കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം പദ്ധതി നിലവിലുണ്ടെങ്കിൽ ആയത് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള (WHO ഫോർമുല പ്രകാരം) ആൽക്കഹോൾ ബേസ്ഡ് സാനിറ്റൈസർ ഉൽപ്പാദിപ്പിച്ച് 2020 മാർച്ച് മുതൽ വിതരണം ചെയ്തു വരുന്നു. കൂടാതെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡും T-secure എന്ന പേരിൽ കുറഞ്ഞ നിരക്കിൽ സാനിറ്റൈസർ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കെ.എസ്.ഐ.ഇ യുടെ കേരള സോപ്സ് ഡിവിഷൻ ഹാൻഡ് വാഷ് ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾ വഴി ന്യായമായ വിലയ്ക്ക് വിപണനം ചെയ്യുന്നു. ഹാൻഡ് വാഷിന്റെ ഉൽപ്പാദനം വിപുലീകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ പരിഗണിച്ച 250 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ വിപുലീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് വീണ്ടും കഴുകി ഉപയോഗിക്കാവുന്ന ഒരു ലെയർ തുണി മാസ്കുകളും വൈറസിനേയും ബാക്ടീരിയകളേയും തടയുവാനും അവയെ നിർവീര്യമാക്കുവാനും തുണിയിൽ പ്രത്യേകം ആന്റിമൈക്രോബിയൽ ട്രീറ്റ്മെന്റുകൾ നടത്തിയ മൂന്ന് ലെയറുള്ള തുണി മാസ്കുകളും കേരള ടെക്സ്റ്റൈൽ കോർപറേഷൻ ലിമിറ്റഡ് വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഹാൻവീവ്/ഹാൻടെക്സ് മുഖേന ഗുണമേന്മയുള്ള മാസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ